LIBRARY ARCHIVES Kerala Legislative Assembly

## ബാർ കോഴ കേസിലെ വിധിയിന്മേലുള്ള പെറ്റീഷൻ

**307 (317)** ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാർകോഴ കേസിൽ തിരുവനന്തപുരത്തെ വിജിലൻസ് കോടതിയുടെ 29-10-2015-ലെ വിധിന്യായത്തിനെതിരെ ഹൈക്കോടതിയിൽ വിജിലൻസ് ഡയറക്ടറേറ്റ് നൽകിയ ഒറിജിനൽ പെറ്റീഷന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഹർജിയിലെ പ്രധാനപ്പെട്ട ആവശ്യങ്ങൾ എന്തെല്ലാമായിരുന്നു ; അവയിൽ ഹൈക്കോടതി അനുവദിക്കാതിരുന്നവ ഏതൊക്കെ ആവശ്യങ്ങളായിരുന്നു ;

(സി) ബാർകോഴ കേസിന്റെ തുടർ അന്വേഷണം സംബന്ധിച്ചകാര്യത്തിൽ ഹർജിയിലെ ആവശ്യം എന്തായിരുന്നു ; ആവശ്യം ഹൈക്കോടതി അംഗീകരിക്കുകയുണ്ടായോ ;

(ഡി) പ്രസ്തുത കേസിൽ തുടരന്വേഷണം ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ എന്നുമുതൽ എന്ന് വിശദമാക്കുമോ ?

### ഉത്തരം

(എ) പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി&സി) കേസ് അന്വേഷണ ഉദ്യോഗസ്ഥൻ തന്റെ സുപ്പീരിയർ പോലീസ് ഓഫീസറായ വിജിലൻസ് ഡയറക്ടർക്ക് നൽകിവരുന്ന റിപ്പോർട്ട് പരിശോധിച്ച് നിർദ്ദേശം നൽകാൻ വിജിലൻസ് മാനുവലിലും Cr.PC Sec.36-ലും 158-ലും പ്രതിപാദിച്ചിട്ടുള്ള ഡയറക്ടറുടെ അധികാരം വിനിയോഗിച്ചതിനെതിരെയുള്ള കോടതി പരാമർശവും അതുപോലെ അന്തിമ റിപ്പോർട്ട് പരിഗണിച്ചവേളയിൽ തെളിവുകളുടെ നിജസ്ഥിതി പരിശോധിച്ചതിന്റെ തെളിവുകളുടെ നിയമസാധുതയും റിട്ട് ഹർജിയിൽ ചോദ്യം ചെയ്തിരുന്നു.

(ഡി) ആരംഭിച്ചിട്ടുണ്ട്.

## സ്വകാര്യ അഭിഭാഷകരിൽനിന്നും നിയമോപദേശം

**308 (318)** ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ വന്നതിന് ശേഷം വിജിലൻസ് വകുപ്പ് ഇതുവരെ ഏതെല്ലാം കേസ്സുകളിൽ സ്വകാര്യ അഭിഭാഷകരിൽനിന്നും നിയമോപദേശം തേടിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; ഏതെല്ലാം അഭിഭാഷകരാണ് നിയമോപദേശം നൽകിയത് ;

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

(ബി) പ്രസ്തുത കേസ്സുകളിൽ സർക്കാർ അഭിഭാഷകരെ ഒഴിവാക്കി മറ്റു അഭിഭാഷകരിൽനിന്നും നിയമോപദേശം തേടിയതിന്റെ കാരണം വ്യക്തമാക്കുമോ ;

(സി) നിയമ വകുപ്പിന്റെ മുൻകൂർ അനുമതിയോടെയാണോ പ്രസ്തുത അഭിഭാഷകരുടെ നിയമോപദേശം തേടിയത് ;

(ഡി) ഇപ്രകാരം നിയമോപദേശം തേടിയ എല്ലാ കേസ്സുകളിലും സർക്കാർ/വിജിലൻസ് ഭാഗം വിജയിച്ചിട്ടുണ്ടോ ; ഏതെല്ലാം കേസ്സുകൾ വിജയിച്ചു എന്നും ഏതെല്ലാം കേസ്സുകൾ പരാജയപ്പെട്ടുവെന്നും വ്യക്തമാക്കുമോ ;

(ഇ) പ്രസ്തുത അഭിഭാഷകർക്ക് നൽകിയ പ്രതിഫലത്തിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(എഫ്) ഏതെല്ലാം അഭിഭാഷകർക്ക് ഇനിയും പ്രതിഫലം നൽകാനുണ്ട് ; അവരുടെ വിശദാംശങ്ങളും കേസ്സും, കാലതാമസത്തിന്റെ കാരണങ്ങളും വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വി.സി.6/14/എസ്.ഐ.യു. I നമ്പർ കേസിൽ (ബാർ കോഴ കേസ്) സുപ്രീം കോടതിയിലെ രണ്ട് അഭിഭാഷകരിൽനിന്നും നിയമോപദേശം തേടിയിട്ടുണ്ട്. ശ്രീ. എൻ. നാഗേശ്വര റാവു, ശ്രീ. മോഹൻ പരാശരൻ എന്നിവർ.

(ബി) കേസിന്റെ അന്വേഷണവേളയിൽത്തന്നെ സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള വിജിലൻസ് ലീഗൽ അഡ്വൈസർ നൽകിയ നിയമോപദേശത്തെ സംബന്ധിച്ച് മാധ്യമങ്ങളിൽ ആരോപണങ്ങൾ ഉന്നയിക്കപ്പെട്ടിരുന്നു. ഈ സാഹചര്യത്തിൽ സംസ്ഥാന സർക്കാരിന്റെ കീഴിൽപ്പെടാത്തവരായ അറ്റോർണി ജനറൽ, സോളിസിറ്റർ ജനറൽ എന്നിവരോട് നിയമോപദേശം തേടാൻ വിജിലൻസ് ഡയറക്ടർ തീരുമാനിച്ചു ടിയാളുകൾക്ക് കത്ത് നൽകി. എന്നാൽ ടി നിയമജ്ഞരിൽനിന്നും മറുപടി ലഭിക്കാത്തതുകൊണ്ടാണ് ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ 'സരള Vs വേലു' എന്ന കേസിന്റെ വിധിയുടെ അടിസ്ഥാനത്തിൽ ടി രണ്ട് നിയമജ്ഞരുടെ അഭിപ്രായം വിജിലൻസ് ഡയറക്ടർ തേടിയത്.

(സി) മുൻകൂർ അനുമതി തേടിയിട്ടില്ല.

(ഡി) ഇപ്രകാരം വേറൊരു കേസിലും നിയമോപദേശം തേടിയിട്ടില്ല.

(ഇ&എഫ്) രണ്ട് പേരുടെ ഫീസായ 7,70,000 രൂപ പ്രതിഫലമായി നൽകുന്നതിനുള്ള വിഷയം പരിശോധനയിലാണ്. വേറെ ആരിൽനിന്നും വിജിലൻസ് ഡയറക്ടർ നിയമോപദേശം തേടിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly